**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1555** **08-10-2021 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ കേരളം സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സുഭിക്ഷ കേരളം സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതി കൈവരിച്ച നേട്ടം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സുഭിക്ഷ കേരളം പദ്ധതി. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരളത്തിലേയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യോത്പന്നങ്ങളുടെ വരവ് പ്രതികൂലമായി ബാധിക്കാനുള്ള സാധ്യത കണക്കിലെടുത്ത് ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയാണ് സുഭിക്ഷകേരളം. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ പ്രധാനമായും ലക്ഷ്യമിട്ടത് തരിശുഭൂമിയിൽ കൃഷി ചെയ്യുക, സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുക, ഒരുകോടി ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക, മഴമറയിലെ കൃഷി പ്രോത്സാഹിപ്പിക്കുക, കാർഷിക വിപണി ശക്തിപ്പെടുത്തുക, കർഷകർക്ക് ആവശ്യമായ വായ്പ ലഭ്യമാക്കുക എന്നിവയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പദ്ധതിയുടെ ഭാഗമായി കൈവരിക്കാൻ കഴിഞ്ഞ ഉല്പാദന വർദ്ധനവ് എത്ര; ഉല്പാദന വർദ്ധനവ് വിലയിടിവിന് കാരണമായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഉൽപ്പന്നങ്ങൾക്ക് പ്രഖ്യാപിത ന്യായവില ഉറപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ ഫലപ്രാപ്തിയെന്തെന്ന് അറിയിക്കാമോ; | (ബി) | പദ്ധതിയുടെ ഭാഗമായി കൈവരിക്കാൻ കഴിഞ്ഞ ഉല്പാദന വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആകെ 22,847 ഹെക്ടർ തരിശുനിലം അധികമായി കൃഷി ആരംഭിക്കുകയും 256178 ടൺ അധികം ഉല്പാദിപ്പിക്കുവാനും സാധിച്ചു. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക |

| | | | |
|---|---|---|---|
| | | | ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്ക് താഴെ പറയും വിധം അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിന് പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇതുവരെ 62466 കർഷകർ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയുണ്ടായി. 2021-22 വർഷത്തിൽ 4215 കർഷകർക്ക് 3.29 കോടി രൂപ നൽകിയിട്ടുണ്ട്. കോവിഡ് 19 ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിനു കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലക്ക് സംഭരിക്കുന്നതിനു ഹോർട്ടികോർപിന് നിർദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ വഴി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾക്ക് കൃഷിവകുപ്പ് നേതൃത്വം നൽകി. പൈനാപ്പിൾ കർഷകരെ സഹായിക്കുന്നതിന് ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ, വാഴക്കുളം പൈനാപ്പിൾ പ്രോസിംഗ് സെന്റർ സംസ്ഥാന മൊത്ത വ്യാപാര മാർക്കറ്റുകൾ മുഖേന പൈനാപ്പിൾ സംഭരിച്ചു വരുന്നു |
| (സി) | കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 |

| | | | | |
|---|---|---|---|---|
| | | | | എഫ്.പി.ഒ.കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളുടെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ 13 എഫ്.പി.ഒ കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. പുതിയ 37 എഫ്.പി.ഒ കളെയും, 50 നിലവിലുള്ള എഫ്.പി.ഒ കളെയും തിരഞ്ഞെടുക്കുവാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ വി.എഫ്.പി.സി.കെ മുഖേന 15 എഫ്.പി.ഒ കളുടെ രജിസ്ട്രേഷനും പൂർത്തിയായിട്ടുണ്ട്. (നെല്ല്, തെങ്ങ്, പാൽ ഉൽപ്പന്നങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവിളകൾ, പൈനാപ്പിൾ, ചക്ക, വാഴ, തേൻ, സുഗന്ധവിളകൾ, കൊക്കോ, കശുവണ്ടി, കൂവ, റബ്ബർ, വെറ്റില, മുളക്, ചെറുധാന്യങ്ങൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയാണ് എഫ്.പി.ഒ.കൾ രൂപീകരിക്കുന്നത്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ / വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും, കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. നടപ്പ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയേ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2020–21 വർഷത്തിൽ നടപ്പാക്കിയ തരിശുഭൂമി കൃഷിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) തരിശ് നില കൃഷി:** തരിശ് നിലകൃഷിയിൽ ഉൾപ്പെടുത്തി നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ,കിഴങ്ങ് വർഗ്ഗവിളകൾ, പയർവർഗ്ഗവിളകൾ, ചെറുധാന്യങ്ങൾ (Millets) എന്നിവയുടെ വിസ്തൃതി 22,847 ഹെക്ടർ വിസ്തൃതി വർദ്ധിച്ചിട്ടുണ്ട്.

**(എ) നെല്ല്:** സംസ്ഥാനത്തുള്ള 5000 ഹെക്ടർ തരിശു നിലങ്ങൾ കണ്ടെത്തി കൃഷി ഇറക്കുന്നതിന് ഹെക്ടറിന് 40000 രൂപ ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 9070 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ബി) പച്ചക്കറി കൃഷി:** ഓരോ പഞ്ചായത്തിലും കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടുപിടിച്ച്, 7000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി അധികമായി ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ ഹെക്ടറിന് 40000 രൂപ സഹായമായി നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 4527 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(സി) ഫല വർഗ്ഗ കൃഷി:** ആരോഗ്യദായകമായ ഭക്ഷണങ്ങളുടെ പട്ടികയിൽ പഴങ്ങൾ ഒഴിച്ചുകൂടാനാകാത്തതാണ്. വാഴപഴത്തിന്റെ സ്ഥാനം ഒന്നാമത് തന്നെ. അൻപതോളം പഴയിനങ്ങൾ കേരളത്തിൽ ഉണ്ടെങ്കിലും നേന്ത്രൻ, ഞാലി പൂവൻ, പൂവൻ, കപ്പവാഴ, പാളയംകോടൻ, റോബസ്റ്റ എന്നീ ഇനങ്ങളാണ് വ്യാപകമായി കൃഷി ചെയ്ത് ഒരു വർഷത്തിനകം ഉല്പാദനക്ഷമമാവുകയും ഭക്ഷ്യ – പോഷക ഭദ്രത ഉറപ്പു വരുത്തുകയും ചെയ്യും. നാളിതുവരെ 3381 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ഡി) കിഴങ്ങ് കൃഷി:** നാമമാത്രമായ പരിചരണം കൊണ്ട് മികച്ച ഉല്പാദനം ലഭിക്കുന്ന കിഴങ്ങുവിളകൾ, ഉഷ്ണമേഖലയായ കേരളത്തിൽ വളരെ യോജിച്ചതാണ്. ചേന, മരച്ചീനി, ചേമ്പ്, കാച്ചിൽ, മധുര കിഴങ്ങ്, കൂർക്ക തുടങ്ങിയ ഒട്ടനവധി കിഴങ്ങ് വർഗ്ഗങ്ങൾ കൃഷി ചെയ്ത് 5000 ഹെക്ടർ തരിശ് ഭൂമിയിൽ ഹെക്ടറിന് 30000 രൂപ സഹായത്തോടെ കൃഷി ചെയ്യിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. നാളിതുവരെ 4908 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ഇ) പയർ വർഗ്ഗ കൃഷി :** മാംസ്യത്തിന്റെ മികച്ച സ്രോതസ്സായ പയർ വർഗ്ഗങ്ങൾ നിത്യവും ആഹാരത്തിന്റെ ഭാഗമാക്കേണ്ടത് ആരോഗ്യത്തിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ് ഉഴുന്ന്, മുതിര, ഉവര, ചെറുപയർ, വൻപയർ ഒന്നാം വിളക്ക് ശേഷമോ രണ്ടാം വിളക്ക് ശേഷമോ കൃഷി ചെയ്യുന്നത് ഇവിടത്തെ സമ്പ്രദായമായിരുന്നു. 500 ഹെക്ടർ സ്ഥലത്ത് 30000 രൂപ സഹായത്തോടെ പയർ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 637 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(എഫ്) ചെറുധാന്യങ്ങൾ:** സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യത്തിന്റെ 20 ശതമാനത്തിൽ താഴേ മാത്രം ഉല്പാദിപ്പിക്കുന്ന നമ്മുടെ നാട്ടിൽ ഫലഫൂയിഷ്ടത കുറഞ്ഞ മണ്ണിൽ വലിയ പരിചരണമില്ലാതെ തന്നെ ഉല്പാദിപ്പിച്ചെടുക്കാവുന്ന ഭക്ഷ്യവിളയാണ് ചെറുധാന്യങ്ങൾ. പ്രാഥമികമായി 500 ഹെക്ടർ തരിശ് സ്ഥലത്ത് ഹെക്ടറിന് 30000 രൂപ സഹായത്തോടെ കൃഷിക്ക് ധനസഹായം

നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 325 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 149163 കർഷകർ കൃഷിയിൽ ഏർപ്പെട്ടു.

**2.ജൈവഗൃഹം (Integrated Farming System)**

ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയായ സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ജൈവഗൃഹം-സംയോജിത കൃഷി (IFS). കാർഷിക മേഖലയിൽ സംഭവിക്കുന്ന കൃഷി ഭൂമിയുടെ തുണ്ടുവല്ക്കരണവും മനുഷ്യരുടെയും പ്രകൃതിയുടെയും ഇടപെടലുകളും കാരണം കാർഷിക മേഖലയുടെ പുരോഗതി വെല്ലുവിളികൾ നിറഞ്ഞതാവുകയും അതിന്റെ ഫലമായി കാർഷിക പുരോഗതിക്ക് ഇടിവ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം 2018, 2019 വർഷങ്ങളിൽ കേരളത്തിൽ സംഭവിച്ച അതിരൂക്ഷമായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാർഷിക മേഖലയേയും കർഷകരുടെ ജീവിത നിലവാരത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംയോജിത കൃഷിരീതികൾ അനുവർത്തിച്ചുകൊണ്ടുള്ള സുസ്ഥിരകൃഷി വികസനം കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തി കർഷകരുടെ നിലനിൽപ്പ് ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു.

**3. മഴമറ**

സമഗ്ര പച്ചക്കറി വികസന പദ്ധതിയിലും സുഭിക്ഷ കേരളം പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന ഘടകമാണ് മഴമറ നിർമ്മാണം. 2021-22 സാമ്പത്തിക വർഷം 1.507 ലക്ഷം സ്ക്വയർ മീറ്റർ (1507 എണ്ണം) മീറ്റർ മഴമറ നിർമ്മിക്കുന്നതിനായി 753.5 ലക്ഷം രൂപ അനുവദിച്ചു. 100 സ്ക്വയർ മീറ്റർ മഴമറ നിർമ്മാണത്തിന് ആകെ ചിലവ് വരുന്ന തുകയിൽ 75 ശതമാനം സബ്സിഡിയോട് കൂടി 50000/- രൂപയിൽ അധികരിക്കാതെയാണ് കർഷകർക്കു നൽകുന്നത്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

**4.ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ**

കൃഷി വകുപ്പ് സംസ്ഥാനത്ത് വിവിധ ഇനം ഫലവർഗ്ഗ വിളകളുടെ (ഡെവലപ്പ്മെന്റ് ഓഫ് ഫ്രൂട്ട്സ്) വികസനത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ 2190 ലക്ഷം രൂപയുടെ വർഷിക പദ്ധതിക്കായി ഭരണാനുമതി ലഭിച്ചു. ടി പദ്ധതിയുടെ ഒരു മുഖ്യഘടകമാണ് ഒരു കോടി ഫലവൃക്ഷ തൈ വിതരണം പദ്ധതി. വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ഒരു കോടി ഫലവൃക്ഷ തൈ വിതരണം പദ്ധതി നടത്തിപ്പിനായി 1102 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടു വന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളുമായ പ്ലാവ്, മാവ്, മാതളം, പാഷൻ ഫ്രൂട്ട്, ചാമ്പ ഇനങ്ങൾ, സപ്പോട്ട, അവക്കാഡോ, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, മുരിങ്ങ, കറിവേപ്പ്, കൊടംപുളി, റമ്പൂട്ടാൻ, മാഗോസ്റ്റീൻ, പപ്പായ, വാഴ ഇനങ്ങൾ, ചതുരപ്പുളി, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി, പാൽപ്പഴം, മിറക്കിൾ ഫ്രൂട്ട്, മുള്ളാത്ത, വെസ്റ്റ് ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇലുമ്പൻ പുളി, സീതപ്പഴം (അനോന), ബറാബ, കസ്റ്റേഡ് ആപ്പിൾ (ആത്ത), നെല്ലി തുടങ്ങിയ 30 ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പൊതുസ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനുമായി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. “ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ“ രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 2021 ജൂൺ 11 മുതൽ 2021 സെപറ്റംബർ 17 വരെയും, രണ്ടാം ഘട്ടം 2021 സെപ്റ്റംബർ 18 മുതൽ 2022 ഫെബ്രുവരിയിൽ അവസാനിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**5. വായ്പാ സൗകര്യം**

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയാണ് (Special Liquidity facility -2 SLF-2 ). റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രത്യേക ധനസഹായമായി നബാർഡ് മുഖേന റീജിയണൽ റൂറൽ ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവയിലൂടെ കർഷകർക്ക് കാർഷിക പ്രവർത്തനങ്ങൾ തടസമില്ലാതെ നടത്തുന്നതിനുള്ള വായ്പ സൗകര്യം ഉറപ്പാക്കുകയാണ് SLF -2 യിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. കർഷകർക്ക് പുതുതായി വായ്പ അനുവദിക്കുന്നതിനാണ് ഈ സൗകര്യം നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന് 1870 കോടി രൂപ (കേരള ഗ്രാമീൺ ബാങ്കിന് 1000 കോടി രൂപയും, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് 870 കോടി രൂപ) യാണ് കർഷകർക്ക് പുതിയ ഹ്രസ്വകാല വായ്പ്പാ നൽകുന്നതിനായി അനുവദിച്ചിട്ടുള്ളത് .

**6. വിപണിയിലുള്ള ഇടപെടലുകൾ**

കാർഷികോല്പന്നങ്ങൾക്കു വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനുമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്.

ഉത്പ്പാദനം

| **ക്രമ നം.** | **വിളകൾ** | **വിസ്തൃതി(ഹെക്ടർ)** | **ഉൽപ്പാദനം (ടൺ)** |
|---|---|---|---|
| 1. | നെല്ല് | 9070 | 30339 |
| 2. | പച്ചക്കറി | 4527 | 68810 |
| 3. | പഴവർഗ്ഗങ്ങൾ | 3381 | 33810 |
| 4. | കിഴങ്ങുവർഗ്ഗങ്ങൾ | 4907 | 122675 |
| 5. | പയറുവർഗ്ഗവിളകൾ | 637 | 382 |
| 6 | ചെറുധാന്യം | 325 | 162 |
| | **ആകെ** | **22847** | **256178** |

അടിസ്ഥാനവില

| **ക്രമ നം.** | **വിള** | **അടിസ്ഥാന വില** |
|---|---|---|
| 1 | മരച്ചീനി | 12 |
| 2 | നേന്ത്രൻ<br>വയനാടൻ നേന്ത്രൻ | 30<br>24 |
| 3 | കൈതച്ചക്ക | 15 |
| 4 | കുമ്പളം | 9 |
| 5 | വെള്ളരി | 8 |
| 6 | പാവൽ | 30 |
| 7 | പടവലം | 16 |
| 8 | വള്ളിപ്പയർ | 34 |
| 9 | തക്കാളി | 8 |
| 10 | വെണ്ട | 20 |
| 11 | ക്യാബേജ് | 11 |
| 12 | ക്യാരറ്റ് | 21 |
| 13 | ഉരുളക്കിഴങ്ങ് | 20 |
| 14 | ബീൻസ് | 28 |
| 15 | ബീറ്റ്റൂട്ട് | 21 |
| 16 | വെളുത്തുള്ളി | 139 |

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |